പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 361 08.02.2016-ൽ മറുപടിക്ക്

കെ.എസ്സ്.ആർ.റ്റി.സി

| ചോദ്യം<br>ശ്രീ. പി.ബി. അബ്ദുൾ റസാക് : | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഗവൺമെന്റ് ജീവനക്കാരുമായി തുലനം ചെയ്താൽ കെ.എസ്സ്.ആർ.റ്റി.സി ജീവനക്കാർക്ക് ഡി.എ കുടിശ്ശികയില്ലാത്ത കാലഘട്ടം എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (എ) | സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന്റെ ചുവടുപിടിച്ച് 1987-ലെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയ കാലം മുതൽ നാളിതുവരെ സർക്കാർ ജീവനക്കാരുടേതിന് തുല്യമായ ഡി.എ. കെ.എസ്.ആർ.ടി.സി.യിൽ കുടിശ്ശികയാണ്. |
| (ബി) | കെ.എസ്സ്.ആർ.റ്റി.സി ജീവനക്കാർക്ക് എത്ര ശതമാനം ഡി.എ കുടിശ്ശികയായിട്ടുണ്ട്; ടി കുടിശ്ശിക സത്വരം കൊടുത്ത് തീർക്കുന്നത് സംബന്ധിച്ച് തീരുമാനമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) യും (സി) യും | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 39% ഡി.എ. കുടിശ്ശികയുണ്ട്.<br>അംഗീകൃത തൊഴിലാളി സംഘടനകളുമായി 14.01.2016-ന് ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ചർച്ചായോഗത്തിൽ നിലവിലുള്ള 39% ഡി.എ കുടിശ്ശികയിൽ ആദ്യ ഗഡുവായ 10% ഫെബ്രുവരി മാസത്തെ ശമ്പളത്തിലും, പെൻഷനിലും അടുത്ത ഗഡുവായ 10% ഏപ്രിൽ മാസത്തെ ശമ്പളത്തിലും, പെൻഷനിലും നൽകുമെന്ന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഏതെങ്കിലും കാരണവശാൽ 2016 ജൂലൈയ്ക്ക് മുൻപായി കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ പുതിയ ശമ്പളപരിഷ്ക്കരണം പ്രാബല്യത്തിൽ വരുന്നില്ലാ എങ്കിൽ അടുത്ത ഗഡുക്കളായ 7% ജൂലൈ മാസത്തെ ശമ്പളത്തിലും, 6% ഒക്ടോബർ മാസത്തെ |
| (സി) | കുടിശ്ശികയുള്ള മുഴുവൻ ഡി.എ യും കൊടുത്ത് തീർക്കുന്നതിന് ഈ ഗവൺമെന്റിന്റെ കാലത്ത് കഴിയുമോ എന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ശമ്പളത്തിലും, അവസാന ഗഡുവായ 6% ഡിസംബർ മാസത്തെ ശമ്പളത്തിലും അനുവദിക്കുമെന്നും ഇതിനിടയിൽ ശമ്പള പരിഷ്ക്കരണം നടപ്പാക്കുകയാണെങ്കിൽ ടി ഡി.എ. സർക്കാരിലേതുപോലെ അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കുകയോ പുതിയ സ്കെയിലിൽ അനുവദിക്കുകയോ ചെയ്യുമെന്നും ടി കാലയളവിൽ സർക്കാർ ജീവനക്കാർക്ക് പുതുതായി പ്രഖ്യാപിക്കുന്ന ഡി.എ അനുവദിക്കുന്നകാര്യം അപ്പോൾ ചർച്ച ചെയ്യാമെന്നും തീരുമാനിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ